"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയം ഭരണ വകുപ്പ്- സംസ്ഥാനത്തെ എല്ലാ ഹോസ്പിറ്റൽ കിയോസ്കുകളിലും ജനനമരണ രജിസ്ട്രേഷനുമായി ബന്ധപ്പെട്ട് 50 രൂപ നിരക്കിൽ സർവ്വീസ് ചാർജ് ഈടാക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (ഇ ജി) വകുപ്പ്**

സ.ഉ.(സാധാ) നം.1269/2026/LSGD തീയതി,തിരുവനന്തപുരം, 07-07-2026

---

പരാമർശം:-

1. 08.12.2005 തീയതിയിലെ സ.ഉ(സാധാ) നം.4942/2005/LSGD.
2. 02.03.2007 തീയതിയിലെ സ.ഉ(കൈ) നം.62/2007/LSGD.
3. 10.01.2008 തീയതിയിലെ സ.ഉ(സാധാ) നം.11/2008/LSGD.
4. 09.07.2024 തീയതിയിലെ സ്റ്റേറ്റ് ലെവൽ ഇന്റർ ഡിപ്പാർട്ട്മെന്റൽ കോ-ഓർഡിനേഷൻ കമ്മറ്റി തീരുമാനം.
5. ചീഫ് രജിസ്ട്രാറുടെ 26/04/2025-ലെ LSGD/PD/5202/2025-CR1 നമ്പർ കത്ത്.
6. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരളമിഷന്റെ 9.2.26ലെ 405-E6-2026-IKM നമ്പർ കത്ത്
7. പ്രിൻസിപ്പൽ ഡയറക്ടറുടെ 25.05.2026 -ലെ LSGD/PD/5202/2025-CR1 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

ജനന-മരണ രജിസ്ട്രേഷനുമായി ബന്ധപ്പെട്ട സേവന വിതരണം മെച്ചപ്പെടുത്തുന്നതിനായി ആശുപത്രി കിയോസ്കുകൾ മുഖേന സെക്ഷൻ 12 പ്രകാരമുള്ള സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യുന്നതിനുള്ള സർവീസ് ചാർജ് പരാമർശം (1), (2), (3) പ്രകാരം നിശ്ചയിച്ച് ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുള്ളതാണ്.

എന്നാൽ, സംസ്ഥാനത്തെ വിവിധ ആശുപത്രി കിയോസ്കുകളിൽ വ്യത്യസ്ത നിരക്കിൽ സർവീസ് ചാർജ് ഈടാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന്, 09.07.2024-ന് ചേർന്ന സ്റ്റേറ്റ് ലെവൽ ഇന്റർ ഡിപ്പാർട്ട്മെന്റൽ കോ-ഓർഡിനേഷൻ കമ്മിറ്റി വിഷയം പരിഗണിക്കുകയും സംസ്ഥാനത്തെ എല്ലാ ആശുപത്രി കിയോസ്കുകളിലും ജനന-മരണ രജിസ്ട്രേഷനുമായി ബന്ധപ്പെട്ട സേവനങ്ങൾക്ക് ഏകീകൃത നിരക്കായി ₹50 (അമ്പത് രൂപ)

സർവീസ് ചാർജ് ഈടാക്കുന്നതിനുള്ള സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നതിന് പ്രൊപ്പോസൽ ലഭ്യമാക്കുവാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. പരാമർശം 5 പ്രകാരം ചീഫ് രജിസ്ട്രാർ പ്രൊപോസൽ സമർപ്പിക്കുകയും പരാമർശം 6 പ്രകാരം ഐകെഎം ഉം പരാമർശം 7 പ്രകാരം പ്രിൻസിപ്പൽ ഡയറക്ടറും ഇതുസംബന്ധിച്ച് റിപ്പോർട്ട് ലഭ്യമാക്കുകയുമുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, സംസ്ഥാനത്തെ എല്ലാ ഹോസ്പിറ്റൽ കിയോസ്കുകളിലും ജനന മരണ രജിസ്ട്രേഷനുമായി ബന്ധപ്പെട്ട് 50/- രൂപ നിരക്കിൽ സർവ്വീസ് ചാർജ് ഈടാക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനിത റ്റി.ആർ
ഡെപ്യൂട്ടി സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയം ഭരണ വകുപ്പ്, തിരുവനന്തപുരം
ചീഫ് രജിസ്ട്രാർ(ജനന മരണം, തദ്ദേശ സ്വയം ഭരണ വകുപ്പ്
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരളമിഷൻ, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം
ആരോഗ്യവും കുടുംബ ക്ഷേമവുംവകുപ്പ്
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ് (സർക്കാർ വെബ് സൈറ്റിൽ അപ് ലോഡ് ചെയ്യുന്നതിനായി)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി (LSGD-EG2/279/2025-LSGD)

ഉത്തരവിൻ പ്രകാരം
Signed by
Manikkuttan R
Date: 08-07-2026 11:01:20
സെക്ഷൻ ഓഫീസർ

പകർപ്പുകൾ
തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.
തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി എ യ്ക്ക്.
തദ്ദേശ സ്വയം ഭരണ വകുപ്പ് ഡെപ്യൂട്ടി സെക്രട്ടറിയ്ക്ക്.